## ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,തിരുവനന്തപുരം.

## ആഫീസ് നടപടിക്രമം.

വിഷയം: ആ.വ.ഡ - ജീവനക്കാര്യം- സർക്കാർ നഴ്സിംഗ് സ്കൂളുകളിലും ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ് പരിശീലന കേന്ദ്രങ്ങളിലും നിലവിലുളള നഴ്സിംഗ് ട്യൂട്ടർ തസ്തികയിലെ ഒഴിവുകളിലേയ്ക്ക് 'തസ്തിക മാറ്റം മുഖേന' (By Transfer ) യുളള നിയമനത്തിന് യോഗ്യരായ ഹെഡ് നേഴ്സ്/സ്റ്റാഫ് നേഴ്സ് ഗ്രേഡ് 1/ഗ്രേഡ് 2 തസ്തികയിലുളള ജീവനക്കാരുടെ താല്കാലിക മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കുന്നത്- സംബന്ധിച്ച്.

പരാമർശം: 1. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 14.03.2007 ലെ ഒ.പി 32790/2000 നംപർ കേസിലെ വിധിന്യായം.

2.നഴ്സിംഗ് സ്കൂളുകളിലെ പ്രിൻസിപ്പാൾ, വൈസ് പ്രിൻസിപ്പാൾ, ട്യൂട്ടർ തസ്തികകൾക്ക് വിദ്യഭ്യാസ യോഗ്യത സംബന്ധിച്ച് ഇൻഡ്യൻ നഴ്സിംഗ് കൗൺസിൽ 27.03.1985-ൽ പുറപ്പെടുവിച്ച സർക്കുലർ.

3.ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 04.11.2011 ലെ ഡബ്ളിയു.പി.(സി) 27554/2010 കേസിലെ വിധിന്യായം.

4.ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 11.06.2012 ലെ ഒ.എ -454/2012 കേസിലെ വിധിന്യായം.

5.ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 07.08.2015 ലെ എസ്.എൽ.പി(സി) 13761/2015 കേസിലെ വിധിന്യായം.

6.സർക്കാർ ഉത്തരവ് നംപർ(പി) 118/2010/ആ.കു.വ, തീയതി 18.03.2010.

7.സർക്കാർ കത്ത് നംപർ.1065/സി2/2011/ആ.കു.വ തീയതി 09.05.2011.

**ഉത്തരവ് നംപർ- ഇ൭ 2 -38607/2010/ആ.വ.ഡ തീയതി 01.12.2015.**

1. ആരോഗ്യ വകുപ്പ് ഡയറക്ട്രേറ്റിന്റെ കീഴിലുളള 15 നഴ്സിംഗ് സ്കൂളുകളിലെയും 4 ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ് പരിശീലന കേന്ദ്രങ്ങളിലെയും നഴ്സിംഗ് ട്യൂട്ടർ തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച സ.ഉ(എം.എസ്) 74/1992/ആ.കു.വ/തീയതി 21.05.1992 ഉത്തരവ് റദ്ദ് ചെയ്തു കൊണ്ടും പരാമർശം (2) പ്രകാരമുളള വിദ്യഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ ട്യൂട്ടർ തസ്തികയിലെ നിയമനം നടത്തണമെന്നും പരാമർശം (1) പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിട്ടിരുന്നു. പരാമർശം 3,4 പ്രകാരം 'IGNOU' B.Sc Nursing ബിരുദം നേടിയവരെ നഴ്സിംഗ് ട്യൂട്ടർ തസ്തികയിലേക്ക് പരിഗണിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയും ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ഉത്തരവായിട്ടുണ്ട്. പ്രസ്തുത വിധിക്കെതിരെ (പരാമർശം 3,4) സർക്കാർ ഫയൽ ചെയ്ത സ്പെഷ്യൽ ലീവ് പെറ്റീഷൻ പരാമർശം 5 പ്രകാരം ബഹുമാനപ്പെട്ട സുപ്രീം കോടതി തളളുകയുണ്ടായി.

2. പരാമർശം (1) പ്രകാരമുളള ബഹുമാനപ്പെട്ട ഹൈക്കോടതി വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിലെ നഴ്സിംഗ് വിദ്യഭ്യാസ വിഭാഗത്തിലെ നിയമനങ്ങൾക്കായി സർക്കാർ, പരാമർശം (6) പ്രകാരം "പ്രത്യേക ചട്ടം" പുറപ്പെടുവിച്ചിട്ടുണ്ട്.

തുടർച്ച....

3. സർക്കാർ നേഴ്സിംഗ് സ്കൂളുകളിലും ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ് പരിശീലന കേന്ദ്രങ്ങളിലും അനുവദനീയമായ 87 നഴ്സിംഗ് ട്യൂട്ടർ തസ്തികകളാണുള്ളത്. ആയതിനാൽ 81 തസ്തിതകകളും നിലവിൽ ഒഴിഞ്ഞുകിടക്കുകയാണ്. (18.03.2010 ലെ പ്രത്യേക ചട്ടം പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് 65 ഒഴിവുകളും പ്രത്യേക ചട്ടം പ്രാബല്യത്തിൽ വന്നതിന് ശേഷമുള്ള 16 ഒഴിവുകളും. അതിൽ പ്രത്യേക ചട്ടം പ്രകാരം നേരിട്ടുള്ള നിയമനത്തിനായി 4 ഒഴിവുകൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്) ബാക്കിയുള്ള ഒഴിവുകൾ (77 എണ്ണം) തസ്തികമാറ്റം മുഖേന (By Transfer) ഉടനടി നികത്തേണ്ടത് നഴ്സിംഗ് സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിന് അനിവാര്യമാണ്.

4. മേൽ സാഹചര്യങ്ങൾ മുൻനിർത്തി പരാമർശം 1 മുതൽ 7 വരെയുള്ളതിന്റെ അടിസ്ഥാനത്തിൽ ട്യൂട്ടർ തസ്തകയിൽ നിലവിലുള്ള ഒഴിവുകളിലേക്കും ഭാവിയിൽ ഉണ്ടാകാൻ ഇടയുള്ള ഒഴിവിലേക്കും തസ്തിക മാറ്റം വഴി ഒഴിവുകൾ നികത്തുന്നതിനായി യോഗ്യരായ ഹെഡ് നേഴ്സ്/സ്റ്റാഫ് നേഴ്സ് ഗ്രേഡ് 1/ഗ്രേഡ് 2 തസ്തികയിലുള്ള ജീവനക്കാരുടെ താല്കാലിക മുൻഗണനാ പട്ടിക തയ്യാറാക്കി ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

5. ചുവടെ പറയുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഈ താല്കാലിക മുൻഗണനാപട്ടിക തയ്യാറാക്കിയിട്ടുള്ളത്.

(i) ആരോഗ്യ വകുപ്പ് ഡയറക്ട്രേറ്റിന്റെ കീഴിൽ സേവനമനുഷ്ഠിച്ചു വരുന്ന M.Sc Nursing/ B.Sc Nursing (Both Basic and Post Basic, IGNOU ഉൾപ്പെടെ), DNEA യോഗ്യതയുള്ള ഹെഡ് നഴ്സ്/സ്റ്റാഫ് നേഴ്സ് ഗ്രേഡ്1/ഗ്രേഡ് 2 വിഭാഗം ജീവനക്കാരെയാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ii) കേരള സർവ്വീസ് ചട്ടം ഭാഗം 1 അനുബന്ധം XII.A, XII.B, XII.C ചട്ടം 88,91 പ്രകാരം നിലവിൽ ശൂന്യാവേതനാവധിലുള്ളവരെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല

(iii) ജീവനക്കാർ/ജീവനക്കാരി സേവനത്തിൽ പ്രവേശിച്ച തീയതി, പരിവീക്ഷണകാലം പൂത്തിയാക്കിയ തീയതി, ഹെഡ് നേഴ്സ്/സ്റ്റാഫ് നേഴ്സ് ഗ്രേഡ് 1 തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം ലഭിച്ച തീയതി അല്ലെങ്കിൽ പ്രാബല്യ തീയതി, സ്റ്റാഫ് നേഴ്സ് ഗ്രേഡ് 2 തസ്തികയിലുള്ളവർക്ക് ഗ്രഡേഷൻ ലിസ്റ്റിൽ അവരുടെ റാങ്ക് നമ്പർ, ട്യൂട്ടർ തസ്തികയിലേക്ക് അടിസ്ഥാന വിദ്യഭ്യാസ യോഗ്യത നേടിയ മാസം, വർഷം എന്നിവയുടെ അടിസ്ഥാനത്തിലാണ് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

(iv) കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടം 28(b) (iA) അനുസരിച്ച് ഒരു ജീവനക്കാരൻ/ ജീവനക്കാരി ഒഴിവുണ്ടായ സമയത്ത് ദീർഘകാല ശൂന്യവേതനാവധിയിൽ ആയിരുന്നാൽ ആ ഒഴിവിലേക്ക് പ്രസ്തുത ജീവനക്കാരന് അർഹതയുണ്ടായിരിക്കുന്നതല്ല.

തുടർച്ച....

(v) ട്യൂട്ടർ തസ്തികയിൽ ഒഴിവുണ്ടായ തീയതിയും അനുബന്ധ വിവരങ്ങളും (അനക്സർ-എ) ശൂന്യവേതനാവധി എടുത്ത ജീവനക്കാരുടെ വിവരങ്ങൾ (അനക്സർ-ബി) എന്നിവ ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

(vi) താല്കാലിക മുൻഗണനാ പട്ടികയെ സംബന്ധിച്ച് ആക്ഷേപമുള്ള ജീവനക്കാർ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ (www.dhs.gov.in) ലിസ്റ്റ് പ്രസിദ്ധീകരിച്ച തീയതി മുതൽ 15 ദിവസത്തിനകം തങ്ങളുടെ അപ്പീൽ ഉചിതമാർഗ്ഗേന, ആക്ഷേപത്തിന് അടിസ്ഥാനമായ തെളിവുണ്ടെങ്കിൽ ആയത് സഹിതം, ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

ഡോ: രമേഷ്. ആർ,
ആരോഗ്യ വകുപ്പ് ഡയറക്ടർ ഇൻചാർജ്ജ്.